**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5891** **08-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാൻ വേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ സാധ്യമാക്കി കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയെ നേരിടാൻ കേരള ബാങ്ക് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഈ പദ്ധതികൾക്ക് പലിശ സബ്സിഡി ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | പ്രാഥമിക സഹകരണ സംഘങ്ങളെ വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി PACS as MSC എന്ന പേരിൽ നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശീയമായി ഉൽപാദിപ്പിക്കുന്ന കാർഷിക വിളകളുടെ സംഭരണം, സംസ്കരണം, വിപണനം, വിനിമയം എന്നിവ മെച്ചപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മൂല്യവർദ്ധിത സംരംഭങ്ങൾക്ക് 4% പലിശ നിരക്കിൽ Long Term Refinance വായ്പ അനുവദിക്കുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 2 കോടി രൂപ വരെയുള്ള മൂല്യവർദ്ധിത സംരംഭ വായ്പകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (AIF) നിന്നുള്ള 3% പലിശയിളവിന് അർഹത ഉണ്ടായിരിക്കും. കൂടാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസ് (PMFME) പദ്ധതിയുടെ ഭാഗമായി കേരള ബാങ്ക് ഭക്ഷ്യസംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭക വായ്പ അനുവദിക്കുന്നു. PMFME പ്രകാരം കേരള ബാങ്ക് ഭക്ഷ്യ സംസ്കരണ സംരംഭക വായ്പകൾക്ക് 35% സബ്സിഡി ലഭ്യമാക്കുന്നതാണ്. (പരമാവധി 10 ലക്ഷം രൂപ) |

സെക്ഷൻ ഓഫീസർ